# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2628** **06.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യമായി ലാപ് ടോപ്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.പി.കെ.ശശി** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി 25,000/-രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്. ടി പദ്ധതി പ്രകാരം 2015-16 മുതൽ 2018-19 സാമ്പത്തിക വർഷം വരെ 11,295 പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2015-16 വർഷം വരെ M.Tech, B.Tech, MCA 1-ാം വർഷ വിദ്യാർത്ഥികൾക്കായിരുന്ന ധനസഹായം അനുവദിച്ചിരുന്നത്. എന്നാൽ നിലവിൽ മേൽപറഞ്ഞ കോഴ്സുകൾക്ക് പുറമെ, MBBS, BAMS, BHMS, BDS, BVSC & AH, MBA, B.Arch, Polytechnic (Computer Science), BSc (Computer Science), MSc (Computer Science), MSc (Electronics), MPhil, Phd എന്നീ കോഴ്സുകളിലെ 1-ാം വർഷ പട്ടികജാതി വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഇനി അപേക്ഷിക്കാൻ കഴിയുമോ; ഈ പദ്ധതിയുടെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട രീതിയും വ്യക്തമാക്കാമോ? | (ബി) | ലാപ്ടോപ് ധനസഹായ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോഴ്സുകളിൽ 1-ാം വർഷം പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് നിലവിൽ ലാപ്ടോപ് അനുവദിച്ചു വരുന്നത്. എന്നാൽ 1-ാം വർഷം അർഹതയുണ്ടായിട്ടും എന്തെങ്കിലും യുക്തമായ കാരണങ്ങളാൽ കൃത്യസമയത്ത് അപേക്ഷ സമർപ്പിയ്ക്കാൻ കഴിയാത്തതും ആനുകൂല്യം ലഭ്യമാകാത്തതുമായ വിദ്യാർത്ഥികൾക്ക് മാപ്പപേക്ഷ സഹിതം അപേക്ഷ സമർപ്പിക്കുന്നമുറപ്രകാരം ആനുകൂല്യം അനുവദിയ്ക്കുന്നതാണ്. സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ B.Tech, M.Tech, MCA, Polytechnic (Computer Science), BSc (Computer Science), MSc (Computer Science), MSc (Electronics), MBA, MBBS, BAMS, BHMS, BDS, BVSC&AH, B.Arch, MPhil, Phd എന്നീ കോഴ്സുകളിൽ 1-ാം വർഷം പഠിയ്ക്കുന്ന വിദ്യാർത്ഥികൾ കോളേജ് അധികൃതർ വഴി കോളേജ് സ്ഥിതി ചെയ്യുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസർക്കാണ് ലാപ്ടോപ് ധനസഹായത്തിനായി അപേക്ഷ സമർപ്പിയ്ക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**